പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2713 **28-10-2026-ൽ മറുപടിയ്ക്ക്**

പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേമൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് ആനമലയാർ, നീരാർ-നല്ലാർ പദ്ധതികൾ സംബന്ധിച്ച ആവശ്യം തമിഴ്നാട് വീണ്ടും ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഉണ്ട്. തമിഴ്നാട് ജലവിഭവ വകുപ്പ് സെക്രട്ടറി 02.10.2026 തീയതിയിലെ കത്ത് പ്രകാരം പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് ആനമലയാർ, നീരാർ-നല്ലാർ പദ്ധതികൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 05.10.2026 ന് ഒരു യോഗം ചേരണമെന്ന് അറിയിച്ചിരുന്നു. എന്നാൽ തമിഴ്നാട്ടിൽ ധാരാപുരം ഉപതിരഞ്ഞെടുപ്പ് നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ആനമലയാർ, നീരാർ- നല്ലാർ പദ്ധതികൾ സംബന്ധിച്ച് യോഗം നടത്തുവാൻ കഴിയില്ലായെന്ന് 04.10.2026 തീയതിയിലെ കത്ത് മുഖേന തമിഴ്നാട് തന്നെ അറിയിക്കുകയുണ്ടായി.

ആനമലയാർ, നീരാർ - നല്ലാർ എന്നീ പദ്ധതികളെ കുറിച്ച് പഠനം നടത്തുതിനായി സർക്കാർ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെയും, ജലവിഭവ വകുപ്പിലെയും വിദഗ്ധർ ഉൾപ്പെടുന്ന ഒരു ടാസ്ക്ഫോഴ്സ് 2008-ൽ രൂപീകരിച്ചിരുന്നു. ഈ സമിതിയും കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ഇറിഗേഷൻ വകുപ്പും (ഫീൽഡ് സ്റ്റഡീസ് സർക്കിൾ) പദ്ധതികളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിലെല്ലാം തന്നെ ആനമലയാർ, നീരാർ - നല്ലാർ പദ്ധതികൾ നടപ്പിലാക്കിയാൽ അത് ഇടമലയാർ ഉൾപ്പെടെയുള്ള കേരളത്തിന്റെ പദ്ധതികളിലേക്കുള്ള നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കുമെന്നും പദ്ധതി നടപ്പിലാക്കുവാൻ പാടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിൽ സംസ്ഥാന താത്പര്യം സംരക്ഷിക്കുന്ന നിലപാടുകൾ നിലവിൽ സ്വീകരിച്ചു വരുന്നു.

(ബി) കരാറിലെ വ്യവസ്ഥകൾ മറികടന്ന് ആനമലയാർ, നീരാർ-നല്ലാർ പദ്ധതികൾ നടപ്പിലാക്കിയാൽ അത് ഇടമലയാർ ഉൾപ്പെടെയുള്ള കേരളത്തിന്റെ പദ്ധതികളിലേക്കുള്ള നീരൊഴുക്കിനെയും സംസ്ഥാന താത്പര്യത്തെയും പ്രതികൂലമായി ബാധിക്കുമെന്നുള്ള പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: ഉണ്ട്. തമിഴ്നാട് ജലവിഭവ വകുപ്പ് സെക്രട്ടറി 02.10.2026 തീയതിയിലെ കത്ത് പ്രകാരം പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് ആനമലയാർ, നീരാർ-നല്ലാർ പദ്ധതികൾ

സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി 05.10.2026 ന് ഒരു യോഗം ചേരണമെന്ന് അറിയിച്ചിരുന്നു. എന്നാൽ തമിഴ്നാട്ടിൽ ധാരാപുരം ഉപതിരഞ്ഞെടുപ്പ് നടക്കുന്നതിന്റെ പശ്ചാത്തലത്തിൽ പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ ആനമലയാർ, നീരാർ- നല്ലാർ പദ്ധതികൾ സംബന്ധിച്ച് യോഗം നടത്തുവാൻ കഴിയില്ലായെന്ന് 04.10.2026 തീയതിയിലെ കത്ത് മുഖേന തമിഴ്നാട് തന്നെ അറിയിക്കുകയുണ്ടായി.

ആനമലയാർ, നീരാർ - നല്ലാർ എന്നീ പദ്ധതികളെ കുറിച്ച് പഠനം നടത്തുതിനായി സർക്കാർ നിർദ്ദേശപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെയും, ജലവിഭവ വകുപ്പിലെയും വിദഗ്ധർ ഉൾപ്പെടുന്ന ഒരു ടാസ്ക്ഫോഴ്സ് 2008-ൽ രൂപീകരിച്ചിരുന്നു. ഈ സമിതിയും കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ഇറിഗേഷൻ വകുപ്പും (ഫീൽഡ് സ്റ്റഡീസ് സർക്കിൾ) പദ്ധതികളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ടുകളിലെല്ലാം തന്നെ ആനമലയാർ, നീരാർ - നല്ലാർ പദ്ധതികൾ നടപ്പിലാക്കിയാൽ അത് ഇടമലയാർ ഉൾപ്പെടെയുള്ള കേരളത്തിന്റെ പദ്ധതികളിലേക്കുള്ള നീരൊഴുക്കിനെ പ്രതികൂലമായി ബാധിക്കുമെന്നും പദ്ധതി നടപ്പിലാക്കുവാൻ പാടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിഷയത്തിൽ സംസ്ഥാന താത്പര്യം സംരക്ഷിക്കുന്ന നിലപാടുകൾ നിലവിൽ സ്വീകരിച്ചു വരുന്നു.

(സി) കേരളത്തിന്റെ പരിധിയിലുള്ള പറമ്പിക്കുളം സിസ്റ്റം അണക്കെട്ടുകളുടെ പൂർണ ഉടമസ്ഥാവകാശവും പ്രവർത്തന നിയന്ത്രണവും കേരളത്തിന് വിട്ടുകിട്ടുന്നതിനും ചിറ്റൂർ പുഴയിലെ അധിക ജലമായ 2.5 ടി.എം.സി. കേരളത്തിന് ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> അധികമായി 2.5 ടി.എം.സി. ജലം ചില വർഷങ്ങളിൽ കേരളം ആവശ്യപ്പെട്ടതനുസരിച്ച് ഗഡുക്കളായി തമിഴ്നാട് നൽകിയിട്ടുണ്ട്. പറമ്പിക്കുളം -ആളിയാർ കരാർ പ്രകാരം കേരളത്തിൽ സ്ഥിതി ചെയ്യുന്ന പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് എന്നീ ഡാമുകളുടെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് തമിഴ്നാടാണ് കൈകാര്യം ചെയ്യേണ്ടത്. പ്രസ്തുത ഡാമുകൾ കേരളത്തിന് വിട്ടുകിട്ടുന്നതുമായി ബന്ധപ്പെട്ട് കരാറിൽ യാതൊരു പരാമർശവും ഇല്ല.

(ഡി) പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം സമയബന്ധിതമായി പൂർത്തിയാക്കി നിലവിലെ കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം പൂർണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> പറമ്പിക്കുളം- ആളിയാർ കരാറിലെ clause 5(c) പ്രകാരം 1958 നവംബർ ഒമ്പതാം തീയതി മുതൽ മുപ്പത് വർഷം കഴിയുമ്പോഴും, അതിനുശേഷം ഓരോ മുപ്പത് വർഷത്തിൽ ഒരിക്കലും, കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ പുനഃപരിശോധിക്കാൻ തയ്യാറാണെന്ന് തമിഴ്നാട് സർക്കാരും കേരള സർക്കാരും സമ്മതിച്ചിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ (അധിക ജലം പങ്കുവെക്കുന്നതും, സംയുക്ത ഗേജിങ്ങ് സംബന്ധിച്ച പ്രശ്നങ്ങളും) പുനഃപരിശോധന ഇതുവരെയും നടന്നിട്ടില്ല. കരാർ പുനരവലോകനം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നിരന്തരം കത്ത് മുഖേന ജെ.ഡബ്ല്യു.ആർ ബോർഡ് യോഗങ്ങളിലും കേരളം തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഇരു സംസ്ഥാനങ്ങളും തമ്മിൽ സമവായത്തിൽ എത്താത്തതിനാൽ കരാർ പുനരവലോകനം ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ